Dated : 01/09/2021

## പരവൂർ ബീച്ചിൽ അമ്മയേയും മകനേയും ആക്രമിച്ച് പരിക്കേൽപ്പിച്ചയാൾ പോലീസ് പിടിയിലായി

കൊല്ലം : പരവൂരിൽ അമ്മയേയും മകനേയും ആക്രമിച്ചയാളെ പോലീസ് പിടികൂടി. കഴിഞ്ഞ തിങ്കളാഴ്ച പരവൂർ തെക്കുംഭാഗം ബീച്ചിൽ വച്ചാണ് അമ്മയും മകനും ആക്രമണത്തിന് ഇരയായത്. പരവൂർ വില്ലേജിൽ തെക്കുംഭാഗം ചേരിയിൽ ആശിഷ് മൻസിലിൽ ഷംസുദ്ദീൻ മകൻ ആശീഷ് ഷംസുദ്ദീൻ ആണ് പോലീസ് പിടിയിലായത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികത്സയ്ക്ക് പോയി മടങ്ങി വന്നവരാണ് ആക്രമിക്കപ്പെട്ടത്. പരവൂർ തെക്കുഭാഗം ബീച്ചിന് സമീപത്തെ കടയിൽ നിന്നും ഉച്ചഭക്ഷണം വാങ്ങി സഞ്ചരിച്ച് വന്ന കാറിൽ ഇരുന്ന ഭക്ഷണം കഴിക്കുകയായിരുന്ന അമ്മയേയും മകനേയും ഇയാൾ സഭ്യേതരമായ വാക്കുകൾ ഉപയോഗിച്ച് ചോദ്യം ചെയ്യുകയായിരുന്നു. ഇയാളുടെ ശല്ല്യം അസഹനീയമായപ്പോൾ അവർ സ്ഥലത്ത് നിന്നും പോകാൻ ശ്രമിക്കുകയും ഇയാൾ പിന്തുടർന്ന് ഇരുമ്പ് വടി കൊണ്ട് കാറിന്റെ മുൻഗ്ലാസ് അടിച്ച് പൊട്ടിച്ചു.




കാറിൽ നിന്നും പുറത്തിറങ്ങിയ മകനെ ഇയാൾ ഇരുമ്പ് വടിക്കടിച്ചത് കൈ കൊണ്ട് തടഞ്ഞതിനാൽ മകന് കൈക്ക് പരിക്കേറ്റു. സംഭവം കണ്ട് തടസം പിടിക്കാൻ ശ്രമിച്ച അമ്മയേയും ഇയാൾ കമ്പിവടിക്ക് അടിച്ചു. പരിക്കേറ്റ ഇവരെ കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തെ തുടർന്ന് ഇയാളെ പരവൂർ പോലീസ് സ്ഥലത്ത് അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. സംഭവത്തിന് ശേഷം ഒളിവിൽ പോയ ആശിഷ് അന്യ സംസ്ഥാനത്തേക്ക് കടക്കാൻ ശ്രമിക്കുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസിന് രഹസ്യ വിവരം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പോലീസ് സംഘങ്ങൾ രൂപീകരിച്ച് ജില്ലയിലും സമീപ ജില്ലകളിലും ഇയാളെ കണ്ടെത്താൻ വ്യാപക പരിശോധന നടത്തി വരുകയായിരുന്നു. ടോറസ് ലോറിയിൽ തമിഴ്നാട്ടിലെ തിരുനെൽവേലിയിലേക്ക് കടക്കാൻ ശ്രമിച്ച ഇയാളെ തെന്മല ഇടപാളയം എന്ന സ്ഥലത്ത് നിന്നും പോലീസ് പിടികൂടുകയായിരുന്നു.

## കോവിഡ് പ്രതിരോധത്തിന് ആരോഗ്യ പ്രവർത്തകരുടെയും ആശ വർക്കർമാരുടെയും സംയുക്ത യോഗം വിളിച്ച് ചേർത്ത് ചവറ പോലീസ്

കൊല്ലം : കോവിഡ് പകർച്ചവ്യാധി പ്രതിരോധിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ പ്രവർത്തകരുടെയും ആശാവർക്കർ മാരുടെയും സംയുക്ത യോഗം ചവറ പോലീസ് വിളിച്ച് ചേർത്തു. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസിന്റെ നിർദ്ദേശ പ്രകാരമാണ് യോഗം ചേർന്നത്. പന്മന ചിറ്റൂർ സ്ക്കൂളിലാണ് യോഗം ചേർന്നത്. പോലീസ് സ്റ്റേഷൻ പരിധിയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. തുടർന്ന് പോലീസ് സ്വീകരിച്ചു വരുന്ന പ്രതിരോധ നടപടികളെ സംബന്ധിച്ച് ചവറ ഇൻസ്പെക്ടർ നിസാമുദ്ദീൻ വിശദീകരണം നൽകി. തുടർന്ന് സമ്പർക്ക വിലക്ക് ലംഘിക്കുന്ന അധികം കേസുകൾ ശ്രദ്ധയിൽപ്പെടുന്നുവെന്നും ആയതിൽ ആശാവർക്കർമാർ കൂടുതൽ ജാഗ്രത പുലർത്തണമെന്നും വിവരങ്ങൾ അടിയന്തരമായി കൈമാറണമെന്നും അറിയിച്ചു. കൂടാതെ പ്രദേശത്ത് നടക്കുന്ന വിവാഹം, ഗൃഹപ്രവേശനം തുടങ്ങിയ ചടങ്ങുകൾ കർശനമായ നിരീക്ഷണം നടത്തുന്നതിനും പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആശാവർക്കർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. യോഗത്തിൽ എസ്സ്.എച്ച്.ഓ എ.നിസാമുദ്ദീൻ, എസ്സ്.ഐ നൗഫൽ, ഹെൽത്ത് സൂപ്രണ്ട് ഷാജി, ഹെൽത്ത് ഇൻസ്പെക്ടർ പ്രസന്ന, ജെ.എച്ച്.ഐ അജയൻ, ആശ തുടങ്ങിയവർ പങ്കെടുത്തു.